"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം-WM3/40/2026-LSGD
തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 25-02-2026

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ 2026 - മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:- 1. സർക്കുലർ നമ്പർ WM3/38/2023-LSGD, തീയ്യതി 08.03.2023
2. സ.ഉ (സാധാ) നം. 1068/2023/LSGD, തീയ്യതി 20.05.2023
3. സർക്കുലർ നമ്പർ WM3/35/2025-LSGD, തീയ്യതി 13.02.2025

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളെയും മിഷനുകളെയും ഏകോപിപ്പിച്ചുകൊണ്ട് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഈ വർഷവും മികവുറ്റ രീതിയിൽ നടപ്പിലാക്കേണ്ടതുണ്ട്. പ്രവർത്തനങ്ങൾ ഫെബ്രുവരി നാലാം വാരത്തോടെ ആരംഭിച്ച് ഏപ്രിൽ 20 നകം സമയബന്ധിതമായി പൂർത്തീകരിക്കത്തക്ക രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. മഴക്കാല പൂർവ്വ ശുചീകരണം സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളും വാർഡുതല ശുചിത്വ സമിതിയുടെ നേതൃത്വത്തിലാണ് നടപ്പിലാക്കേണ്ടത്.

മഴക്കാല പൂർവ്വ ശുചീകരണത്തോടനുബന്ധിച്ച് ചെയ്യേണ്ടുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1 . ഹരിതകർമ്മസേനാംഗങ്ങൾ എല്ലാത്തരം അജൈവമാലിന്യങ്ങളും വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന നടപടി ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി തദ്ദേശ സ്ഥാപന തലത്തിൽ ഹരിതകർമ്മസേനയുടെ പ്രത്യേക യോഗം കൂടി നിർദ്ദേശം നൽകേണ്ടതാണ്.

2 . ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ അന്നേ ദിവസം തന്നെ മിനി എം.സി.എഫ്/എം.സി.എഫുകൾ എന്നിവിടങ്ങളിലേയ്ക്ക് മാറ്റുന്നുവെന്നും പൊതുയിടങ്ങളിൽ ശേഖരിച്ച് വയ്ക്കുന്നില്ലെന്നും ഉറപ്പാക്കേണ്ടതാണ്.

3 . അജൈവമാലിന്യങ്ങൾ ശേഖരിച്ചുവയ്ക്കുന്ന എം.സി.എഫ്/മിനി എം.സി.എഫ് എന്നിവ വെള്ളം കയറുന്ന സ്ഥലങ്ങളിലാണെങ്കിലോ, ജലാശയങ്ങൾക്കടുത്താണെങ്കിലോ അടിയന്തിരമായി ആയത് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4 . ഹരിത കർമ്മ സേന ശേഖരിക്കുന്ന അജൈവമാലിന്യം സംസ്കരണത്തിനായി സംഭരിച്ച് കൊണ്ടുപോകാൻ ചുമതലപ്പെടുത്തിയിട്ടുള്ള സ്വകാര്യ ഏജൻസികളും, ക്ലീൻ കേരള കമ്പനിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി നിശ്ചയിച്ചിട്ടുള്ള സമയക്രമത്തിനുള്ളിൽ തന്നെ അവ നീക്കം ചെയ്യുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.

5. സർക്കാർ-സ്വകാര്യ ഓഫീസുകൾ, സ്ഥാപനങ്ങൾ തുടങ്ങിയവയിലെ മുഴുവൻ മാലിന്യങ്ങളും ഈ കാലയളവിനുള്ളിൽ നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ടവർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6 . തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുയിടങ്ങളിലെ എല്ലാവിധ മാലിന്യങ്ങളും കൃത്യമായി നീക്കം ചെയ്ത് പൊതുയിടങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിനും, കൊതുക്, എലി തുടങ്ങിയവയുടെ പ്രജനന സ്രോതസ് നശിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓടകൾ, നീർച്ചാലുകൾ, പൊതുജലാശയങ്ങൾ തുടങ്ങി എല്ലാ ജല നിർഗ്ഗമന പാതകളും വൃത്തിയാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

7 . കുടുംബശ്രീ മിഷൻ മുഖേന ഹരിത കർമ്മസേനാംഗങ്ങൾക്ക് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ, സ്വച്ഛ് സർവ്വേക്ഷൻ (നഗരസഭകളിൽ) എന്നിവ സംബന്ധിച്ച അവബോധം നൽകേണ്ടതും, ഹരിതകർമ്മസേനാംഗങ്ങൾ ഭവന സന്ദർശന വേളയിൽ മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ പ്രാധാന്യവും, സ്വച്ഛ് സർവ്വേക്ഷൻ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ട ഗാർഹികതല നടപടികളെ സംബന്ധിക്കുന്ന വിവരവും നഗരപ്രദേശങ്ങളിലെ പൊതു ജനങ്ങൾക്ക് കൃത്യമായി പറഞ്ഞുകൊടുക്കുകയും ചെയ്യേണ്ടതാണ്.

8 . പി.എച്ച്.സി/സി.എച്ച്.സി-യിലെ ആരോഗ്യ പ്രവർത്തകരുടെ സഹായത്തോടു കൂടി ഹരിതകർമ്മസേനാംഗങ്ങൾ, സാനിട്ടറി വർക്കേഴ്സ് എന്നിവർക്ക് പ്രാണി-ജല-ജന്യരോഗങ്ങളെകുറിച്ച് കൃത്യമായ അവബോധം നൽകേണ്ടതും, ആയത് ഭവന സന്ദർശന വേളയിൽ ഹരിതകർമ്മസേനാംഗങ്ങൾ പൊതു ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

9 . കുടുംബശ്രീയുടെ നേതൃത്വത്തിൽ എല്ലാ അയൽക്കൂട്ട കുടുംബങ്ങളും വീടും പരിസരവും കൊതുക്, എലി തുടങ്ങിയവ വളരുന്ന സാഹചര്യം ഒഴിവാക്കുന്ന തരത്തിൽ ശുചീകരിക്കുന്നതിനുള്ള പ്രവർത്തനം സംഘടിപ്പിക്കണം. ഇതോടൊപ്പം അയൽകൂട്ട പരിധിയിൽ വരുന്ന സ്ഥലങ്ങൾ പൂർണ്ണമായും

മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ഇത്തരത്തിൽ ഏറ്റവും മികവ് പുലർത്തുന്ന അയൽക്കൂട്ടം/അയൽക്കൂട്ടങ്ങൾക്ക് പ്രത്യേക അനുമോദനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടതുമാണ്.

10. സ്കൂളുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ പരിസരങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്. സ്കൂളുകളിൽ ഹരിതസേന - എക്കോസെൻസ് സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികളെ ശുചിത്വ അംബാസിഡർമാരായി നിയോഗിക്കേണ്ടതും മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ആവശ്യകത, ജലജന്യ രോഗങ്ങൾ എന്നിവയെക്കുറിച്ച് അവതരണം നടത്തുന്നതിന് അവർക്ക് അവസരമൊരുക്കേണ്ടതുമാണ്.

11. കൃഷിഭവന്റേയും മൃഗാശുപത്രികളുടേയും നേതൃത്വത്തിൽ കർഷകർക്ക് പകർച്ചവ്യാധി പ്രതിരോധവുമായി ബന്ധപ്പെട്ട മുൻകരുതലുകൾ സംബന്ധിച്ച് അവബോധം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

12. ആരോഗ്യവകുപ്പ് ഹോട്ട്സ്പോട്ടുകളായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ പ്രത്യേകമായ ശുചീകരണ നടപടികൾ സ്വീകരിക്കേണ്ടതാണ്.

13. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ/നഗറുകൾ, അതിഥി തൊഴിലാളികൾ താമസിക്കുന്നയിടങ്ങൾ എന്നിവയിൽ പ്രത്യേക ശ്രദ്ധയൂന്നിയുള്ള മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

14. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഉത്സവങ്ങൾ, ആഘോഷങ്ങൾ, തെരഞ്ഞെടുപ്പ് തുടങ്ങിയവ നടക്കുന്നതിനാൽ കൃത്യമായ മാലിന്യകൈമാറ്റം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഉറപ്പാക്കേണ്ടതാണ്.

15. വാർഡുതല ശുചിത്വ സമിതി ഫെബ്രുവരി 27 നകം രൂപീകരിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ വിവിധ വകുപ്പുകളുടെയും, എൻ.സി.സി, എൻ.എസ്.എസ്, നെഹ്റു യുവ കേന്ദ്ര, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, റസിഡന്റ്സ് അസ്സോസിയേഷനുകൾ തുടങ്ങിയ സന്നദ്ധ സംഘടനകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തി മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

16. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുമേധാവികളുടെ പങ്കാളിത്തത്തോടുകൂടി തദ്ദേശ

സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാരേയും, സെക്രട്ടറിമാരേയും പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതല ശില്പശാല മാർച്ച് 3ന് മുമ്പായി സംഘടിപ്പിക്കേണ്ടതാണ്.

17. ഓരോ വാർഡ് ശുചിത്വസമിതിയ്ക്കും എല്ലാ വിഭവ സ്രോതസുകളിൽ നിന്നുമുൾപ്പെടെ (തനത് ഫണ്ട് / പ്ലാൻ ഫണ്ട്/ എൻ.എച്ച്.എം വിഹിതം/ സംഭാവന/ സി.എസ്.ആർ/ മറ്റുള്ളവ) പരമാവധി പഞ്ചായത്തിൽ 30,000/- രൂപ വരെയും, നഗരസഭകളിൽ 40,000/- രൂപ വരേയും കോർപ്പറേഷനുകളിൽ 60,000/- രൂപ വരെയും ചെലവഴിക്കാവുന്നതാണ്.

18. മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വാർഡ് അടിസ്ഥാനത്തിൽ കർമ്മപദ്ധതി തയ്യാറാക്കേണ്ടതാണ്. ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ, അതിനാവശ്യമായി വരുന്ന ചെലവ്, നിർവ്വഹണരീതി, പൂർത്തീകരിക്കേണ്ട തീയതി, ബഹുജനപങ്കാളിത്തം എന്നിവ കർമ്മപദ്ധതിയിൽ ഉണ്ടായിരിക്കേണ്ടതാണ്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരേയും (പ്രത്യേകിച്ച് ആരോഗ്യ, എഞ്ചിനീയറിംഗ് ഫീൽഡ് ഉദ്യോഗസ്ഥർ) ഉപയോഗിക്കാവുന്നതാണ്. ഹോട്ട്സ്പോട്ട് / വെള്ളക്കെട്ട് ഉണ്ടാകുന്ന സ്ഥലങ്ങൾ എന്നിവ കണ്ടെത്തി ആയതിന്റെ കാരണം, അവ ഒഴിവാക്കുന്നതിനായി ചെയ്യുന്ന പ്രവർത്തനം എന്നിവ ഉൾക്കൊള്ളിക്കേണ്ടതാണ്. ഓടകൾ വൃത്തിയാക്കൽ, പൊതുസ്ഥലങ്ങളിലെ മാലിന്യക്കൂമ്പാരം/ നിർമ്മാണ അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യൽ, കിണറുകൾ വൃത്തിയാക്കി ക്ലോറിനേഷൻ ചെയ്യുന്ന പ്രവർത്തനം എന്നിവയും ഉൾക്കൊള്ളിക്കേണ്ടതാണ്. കർമ്മപദ്ധതി പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും 20.04.2026 ന് മുമ്പായി പൂർത്തീകരിക്കേണ്ടതാണ്. മേയ് മാസത്തിൽ കൂടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന സമിതി യോഗത്തിൽ കർമ്മപദ്ധതിയുടെ നിർവ്വഹണം/ ആയതിന്റെ കാര്യക്ഷമത എന്നിവ ചർച്ച ചെയ്യേണ്ടതും, വരവ് ചെലവുകൾ അംഗീകരിച്ച് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. 31.05.2026 ന് മുമ്പായി അഡ്വാൻസ് ചെലവുകൾ സെറ്റിൽ ചെയ്തുവെന്ന് അതത് തദ്ദേശസ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.

19. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിലേയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കുന്ന പ്രൊഫോർമ കൃത്യമായ രീതിയിൽ സമയബന്ധിതമായി അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതും ആയത് കൃത്യമായി ജോയിന്റ് ഡയറക്ടർമാർ മോണിറ്റർ ചെയ്യേണ്ടതുമാണ്.

20. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ആഴ്ചയിലൊരിക്കലും, ജോയിന്റ് ഡയറക്ടർമാർ രണ്ടാഴ്ചയിലൊരിക്കലും അവലോകനം

ചെയ്യേണ്ടതാണ്.

<u>പ്രീ മൺസൂൺ ശുചീകരണ പ്രവർത്തന സമയക്രമം</u>

| ക്രമ നം | പ്രവർത്തനങ്ങൾ | സമയപരിധി |
|---|---|---|
| 1 | വാർഡുതല ശുചിത്വ സമിതി രൂപീകരണം | 27.02.2026 |
| 2 | ബന്ധപ്പെട്ടവരുടെ യോഗം കൂടൽ (stakeholder) (എൻ.ജി.ഒ, റസിഡൻഷ്യൽ ഭാരവാഹികൾ, വ്യാപാരി സംഘടനകൾ, കലാ കായിക സംഘടനകൾ തുടങ്ങി പ്രധാനപ്പെട്ട എല്ലാ സംഘടനകളുടെയും) | 28.02.2026 |
| 3 | ഉദ്യോഗസ്ഥതല യോഗം (ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ച്) | 28.02.2026 |
| 4 | ജില്ലാതല ശില്പശാല | 03.03.2026 |
| 5 | ഹോട്ട്സ്പോട്ടുകൾ തിട്ടപ്പെടുത്തി മാപ്പ് ചെയ്യൽ | 04.03.2026 |
| 6 | വെള്ളക്കെട്ട് ഉണ്ടാകുന്ന സ്ഥലങ്ങൾ കണ്ടെത്തി തിട്ടപ്പെടുത്തൽ | 04.03.2026 |
| 7 | തദ്ദേശതല കർമ്മപദ്ധതി രൂപീകരണം | 06.03.2026 |
| 8 | കർമ്മപദ്ധതി അംഗീകാരത്തിനായുള്ള തദ്ദേശസ്വയംഭരണ സമിതികളുടെ യോഗം | 09.03.2026 |
| 9 | കർമ്മപദ്ധതിയുടെ നിർവ്വഹണ പൂർത്തീകരണം | 20.04.2026 |

പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Vinod Kumar. V
Date: 26-02-2026 11:04:19

സെക്ഷൻ ഓഫീസർ.

കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി 2

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
എല്ലാ തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
ഡയറക്ടർ (I&PRD), വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്